(ബി) ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത്തരം ക്ലബ്ബുകൾ തുടങ്ങുവാനുള്ള നീക്കമുള്ളത് എന്നറിയിക്കാമോ;

(ഡി) നമ്മുടെ സംസ്കാരത്തിന് ഒട്ടും യോജിക്കാത്ത ഇത്തരം നിശാക്ലബ്ബുകൾ നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

എം. എൽ. എ.-മാരുടെ നിവേദനങ്ങൾക്കുള്ള മറുപടി

22 [3395] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ.-മാരുടെ നിവേദനങ്ങൾക്ക് മന്ത്രിമാരും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരും മറുപടി നൽകണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ ഉത്തരവ് നൽകിയിട്ടുള്ളത്?

ഉത്തരം

(എ) മന്ത്രിമാർക്കും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർക്കും എം. എൽ. എ. മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ കൈപ്പറ്റിയതായി അറിയിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(ബി) 23-4-1973-ൽ സർക്കാർ പുറപ്പെടുവിച്ച 37288/എസ്.ഡി.3/73/പി.ഡി. നമ്പർ സർക്കുലർ പ്രകാരമാണ്.

അഖിലേന്ത്യാ സർവ്വീസുകളിലുള്ള ഉദ്യോഗസ്ഥന്മാർ

23 [3396] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥർ സർവ്വീസിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ശമ്പളം, മറ്റ് അലവൻസുകൾ/സ്റ്റാഫ്, വാഹനം, ഫോൺ ചാർജ്ജ് ഉൾപ്പെടെ പ്രതിവർഷം എത്ര രൂപ ചെലവാകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly